# തിരഞ്ഞെടുക്കപ്പെട്ടവർ

**ശബ്ബത്ത് സായാഹ്നം**

**ഈ ആഴ്ചത്തെ പഠനത്തിനു വായിക്കുക: റോമർ 10,11**

**മനഃപാഠവാക്യം: എന്നാൽ ദൈവം സ്വജനത്തെ തള്ളിക്കളഞ്ഞുവോ എന്നു ഞാൻ ചോദിക്കുന്നു. ഒരു നാളും ഇല്ല. ഞാനും യിസ്രായേല്യനല്ലോ; അബ്രഹാമിന്റെ സന്തതിയിൽ ബെന്യാമീൻ ഗോത്രത്തിൽ ജനിച്ചവൻ തന്നെ. റോമർ 11:1**

റോമാലേഖനം 10,11 അദ്ധ്യായങ്ങളിൽ 11-ാം അദ്ധ്യായത്തിനു കൂടുതൽ മുൻതൂക്കം കൊടുത്താണ് ഈ ആഴ്ചത്തെ നമ്മുടെ പഠനം. ഈ രണ്ട് അദ്ധ്യായങ്ങളും മുഴുവനായി ശ്രദ്ധാപൂർവ്വം വായിച്ചെങ്കിൽ മാത്രമേ പൗലൊസ് ചിന്തിച്ച അതേ പാതയിൽ നമുക്കും വസ്തുതകൾ മനസ്സിലാക്കാൻ സാധിക്കും.

ഈ രണ്ട് അദ്ധ്യായങ്ങൾ പിന്നീടുള്ള നീണ്ട ചർച്ചകൾക്കുള്ള ശ്രദ്ധാകേന്ദ്രങ്ങൾ തന്നെയാണ്. ഒന്നാമത്തെയും അതിനപ്പുറം കാതലായ കാര്യവും വെളിപ്പെടുത്തപ്പെട്ടത്, ദൈവത്തിന്റെ മനുഷ്യവർഗ്ഗത്തോടുള്ള തികഞ്ഞ സ്നേഹവും എല്ലാവരും രക്ഷയിലേക്കു കടന്നുവരണമെന്നുള്ള അവന്റെ അടങ്ങാത്ത ആഗ്രഹവുമാണ്. രക്ഷാപദ്ധതിയിൽ ആരും നിരസിക്കപ്പെടുന്നില്ല. റോമർ 10-ാം അദ്ധ്യായം 12-ാം വാക്യത്തിൽ “യെഹൂദൻ എന്നും യവനൻ എന്നും ഒരു വ്യത്യാസവും ഇല്ല.” എന്നു സംശയലേശമെന്യേ വെളിപ്പെടുത്തിയിട്ടുണ്ട്. എല്ലാവരും പാപികളാണ്. യേശുക്രിസ്തു മുഖാന്തരമുള്ള ദൈവകൃപ എല്ലാവർക്കും ആവശ്യമാണ്. ഈ കൃപ ലഭിക്കുന്നത് എല്ലാവർക്കുമാണ്. ഏതു രാജ്യക്കാരനാണെന്നോ എവിടെ ജനിച്ചു എന്നു നോക്കിയിട്ടോ ഒരുവന്റെ ന്യായപ്രമാണത്തിന്റെ പ്രവൃത്തി നോക്കിയിട്ടോ അല്ല. പിന്നെയോ പാപികൾക്കു പകരക്കാരനായി മരിച്ച കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസം മൂലമാണ്. ലോകമെമ്പാടുമുള്ള പാപികൾക്കായിട്ടാണ് ക്രിസ്തു മരിച്ചത്. അടിസ്ഥാനപരമായി ഒരു മാറ്റവും രക്ഷാപദ്ധതിയിൽ ഇല്ല.

11-ാം അദ്ധ്യായത്തിൽ പൗലൊസ് ഈ വിഷയം തന്നെ തുടരുന്നു. ഇവിടെ പൗലൊസ് തിരഞ്ഞെടുപ്പിനെക്കുറിച്ചും ദൈവവിളിയെക്കുറിച്ചും സംസാരിക്കുമ്പോൾ നമ്മൾ മനസ്സിലാക്കേണ്ട കാര്യം ‘പ്രശ്നം’ രക്ഷ മാത്രം അല്ല. സുവിശേഷം ലോകമെമ്പാടും എത്തിക്കുക എന്ന ദൈവപദ്ധതിയിൽ നമുക്കുള്ള പങ്ക് എന്താണെന്നു കൂടി മനസ്സിലാക്കണം. ഒരു സമൂഹത്തിനൊ വർഗ്ഗത്തിനോ രക്ഷ നിഷേധിച്ചിട്ടില്ല. ഇതൊരു വിഷയമേ ആയിരുന്നില്ല. പകരം ക്രൂശാരോഹണത്തിനുശേഷം പ്രത്യേകിച്ചു ജാതികൾക്കു സുവിശേഷം ലഭിച്ചതിനുശേഷം, ആദ്യകാല വിശ്വാസികൾ യെഹൂദന്മാരും ജാതികളിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവർ ലോകത്തെ സുവിശേഷീകരിക്കുന്നതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു.

**യേശുക്രിസ്തുവും ന്യായപ്രമാണവും**

**വായിക്കുക: റോമർ 10:1–4 ഈ വേദഭാഗത്ത് എന്തു ദൂതാണ് നമുക്കായുള്ളത്? സ്വയം നീതി കണ്ടെത്തുന്നതിന്റെ അപകടം എന്താണ്?**

നിയമസിദ്ധാന്തം പലരൂപത്തിലും ഭാവത്തിലും ഉണ്ട് (സ്വന്തം നീതി) വ്യക്തമല്ലാത്തതുകൊണ്ടു ചിലതു കണ്ടുപിടിക്കാൻ വൈഷമ്യമുള്ളതാണ്. ചില ആളുകൾ അവരിൽതന്നെ നോക്കുന്നു; സ്വയം അവരുടെ നന്മ പ്രവൃത്തികളെ കാണുന്നു. അവരുടെ ഭക്ഷണരീതി ശ്രദ്ധിക്കുന്നു. ശബ്ബത്ത് കണിശമായി കർക്കശസ്വഭാവത്തോടെ അനുഷ്ഠിക്കുന്നു. മോശപ്പെട്ട ഒരു കാര്യങ്ങളും ചെയ്യുന്നില്ല. അവർ നേടിയ നല്ല നേട്ടങ്ങളെപ്പറ്റി വളരെ അഭിമാനമുള്ളവരാകുന്നു. ഇവയെല്ലാം സ്വയം നീതി എന്ന കെണിയിൽ അകപ്പെടുന്ന വഴികളാണ്. നമ്മുടെ ജീവിതത്തിന്റെ എല്ലാ നിമിഷങ്ങളിലും നമ്മെ ഭരിക്കേണ്ടത് ദൈവത്തിന്റെ വിശുദ്ധിയാണ് (ദൈവനീതി). ആളുകൾ കണ്ടെത്തുന്ന സ്വയംനീതിയിൽ രക്ഷപ്പെടുന്നതിനുള്ള ശക്തമായ ഒരേയൊരു മാർഗ്ഗവും അതാണ്. സ്വയംനീതി ക്രിസ്തുവിന്റെ നീതിക്ക് എതിരാണ്.

റോമർ 10:4 വളരെ പ്രാധാന്യമുള്ള വേദഭാഗം ആണ് ഇത്. റോമാലേഖനത്തിൽ പൗലൊസിന്റെ ദൂതിന്റെ കാതലായ ഭാഗം റോമർ 10:4 ൽ കാണുന്നു. ആദ്യം അതിന്റെ പശ്ചാത്തലം നാം മനസ്സിലാക്കണം. അനേകം യെഹൂദന്മാർ സ്വന്തനീതി സ്ഥാപിക്കാൻ ആഗ്രഹിക്കുന്നു (റോമർ 10:4). ന്യായപ്രമാണത്താലുള്ള നീതി അന്വേഷിക്കുന്നു (റോമർ 10:5). എന്നാൽ മശീഹയുടെ അവതാരം മൂലം നീതിയുടെ യഥാർത്ഥ വഴി പരിചയപ്പെടുത്തി. കർത്താവായ യേശുക്രിസ്തുവിൽ വിശ്വാസമർപ്പിച്ച എല്ലാവർക്കും നീതി ദാനമായി നൽകി. എല്ലാ പ്രാചീന ആചാരാനുഷ്ഠാന കർമ്മങ്ങളും ഈ മശീഹായെയെണ് വിരൽ ചൂണ്ടിയിരുന്നത്.

ന്യായപ്രമാണം നിർവചിക്കുമ്പോൾ ഏതെങ്കിലും കാരണവശാൽ ആരെങ്കിലും അതിൽ പത്തു കല്പന ഉൾപ്പെടുത്തിയാൽ അതിന്റെ അർത്ഥം, പത്തു കല്പന മറ്റു ന്യായപ്രമാണത്തിന്റെ കൂടെ മാറിപ്പോയി എന്നല്ല. സാന്മാർഗ്ഗിക ന്യായപ്രമാണം നമ്മുടെ പാപത്തെ ചൂണ്ടിക്കാണിക്കുന്നു. നമ്മുടെ തെറ്റുകളെ കാണിച്ചു തരുന്നു. നമ്മുടെ കുറ്റങ്ങളെയും കുറവുകളെയും ബോദ്ധ്യപ്പെടുത്തുന്നു. അതുമൂലം ഒരു രക്ഷകൻ നമുക്ക് ആവശ്യമാണെന്ന തിരിച്ചറിവ് ഉണ്ടാക്കുന്നു. പാപക്ഷമ നമുക്ക് ആവശ്യമാണെന്നു മനസ്സിലാക്കിത്തരുന്നു. യേശുക്രിസ്തുവിൽ കൂടി മാത്രമേ നീതി കരസ്ഥമാക്കാൻ കഴിയൂ. ക്രിസ്തു ന്യായപ്രമാണത്തിന്റെ അവസാനമാണ് അങ്ങനെയെങ്കിൽ ആ ന്യായപ്രമാണം നമ്മെ യേശുവിങ്കലേക്കും അവന്റെ നീതിയിലേക്കും നയിക്കും. 'റ്റെലോസ്' (Telos) എന്ന ഗ്രീക്കു പദത്തിന് 'അവസാനം' 'ലക്ഷ്യം' 'ഉദ്ദേശ്യം' എന്നൊക്കെ ഭാഷാന്തരം ചെയ്യാവുന്നതാണ്. ന്യായപ്രമാണത്തിന്റെ അവസാന ലക്ഷ്യം ക്രിസ്തുവാണ്.

ഈ വാക്യത്തിൽ പത്തുകല്പന പ്രത്യേകിച്ച് നാലാം കല്പന നിയമസാദ്ധ്യതയില്ലാത്തതുപോലെ പഠിപ്പിക്കുന്നു എന്നു തോന്നാം. പുതിയനിയമം മുഴുവനും പൗലൊസിന്റെ എഴുത്തുകളും ഈ ചിന്താഗതിയെ എതിർക്കുന്നു.

**മറ്റുള്ളവരെ നിങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നിങ്ങൾ അവരെക്കാൾ എത്ര നല്ലവർ എന്ന് അഭിമാനം തോന്നാറുണ്ടോ? ഒരുപക്ഷേ നിങ്ങൾ അവരെക്കാൾ മെച്ചമായിരിക്കാം. അതുകൊണ്ട് എന്താണു പ്രയോജനം? യേശുക്രിസ്തുവുമായി നിങ്ങളെ താരതമ്യം ചെയ്യുക. വാസ്തവത്തിൽ നിങ്ങൾ എത്രമാത്രം നല്ലവരാണെന്ന്. ചിന്തിക്കൂ.**

**തിങ്കൾ** **ഡിസംബർ 11**

**കൃപയ്ക്കായുള്ള തിരഞ്ഞെടുപ്പ്**

**വായിക്കുക: റോമർ 11:1-7**

ദൈവം തന്റെ ജനത്തെ ഉപേക്ഷിച്ചു കളഞ്ഞോ? ഈ ചോദ്യത്തിന്റെ ഉത്തരത്തിന്റെ ആദ്യഭാഗത്ത് പൗലൊസ് ഒരു ശേഷിപ്പിനെ, കൃപയ്ക്കായി തിരഞ്ഞെടുക്കപ്പെട്ട ഒരു ശേഷിപ്പിനെ ചൂണ്ടിക്കാണിക്കുന്നു. ദൈവം തന്റെ ജനത്തെ തള്ളിക്കളഞ്ഞില്ല എന്നതിനു തെളിവായിട്ടാണ് ഈ ശേഷിപ്പിനെ കാണിക്കുന്നത്. യേശുക്രിസ്തുവിനെ അംഗീകരിക്കുന്ന യെഹൂദനും യവനനും രക്ഷ ഒരുപോലെയാണ്.

ക്രിസ്ത്യാനിത്വം സ്വീകരിച്ച ആദ്യകാലവിശ്വാസികൾ എല്ലാം യെഹൂദരായിരുന്നു. പെന്തെക്കോസ്തുനാളിൽ ക്രിസ്ത്യാനികളായ വൻജനാവലി അതിനു ഉദാഹരണമാണ്. യവനർക്കും യെഹൂദരെപ്പോലെ യേശുക്രിസ്തുവിനെയും അവന്റെ കൃപയെയും സ്വീകരിക്കുന്നതിനു തുല്യ അവകാശമാണെന്നു പത്രൊസിനു ബോധ്യപ്പെടുത്തിക്കൊടുക്കാൻ പ്രത്യേക ദർശനം കാട്ടിക്കൊടുക്കേണ്ടിവന്നു. (അപ്പൊസ്തല പ്രവൃത്തി 10:7. അപ്പൊസ്തല പ്രവൃത്തി 15:7-9 മായി താരതമ്യം ചെയ്യുക). സുവിശേഷം അവരുടെ അടുക്കലേക്കും എത്തേണ്ടതാണ്.

വായിക്കുക: (റോമർ 11:7-10) യേശുക്രിസ്തുവിനെ മനഃപൂർവ്വം നിരസിച്ച ഒരു വിഭാഗം യെഹൂദരിൽനിന്നും ദൈവം രക്ഷ മറച്ചുവച്ചോ? ഈ ചിന്താഗതിക്ക് എന്തു തെറ്റാണ് ഉള്ളത്?

യെഹൂദന്മാർ ആധികാരികമായി സ്വീകരിച്ചിരുന്ന പഴയനിയമ വേദഭാഗത്തുനിന്നും പൗലൊസ് ഉദ്ധരിച്ചിരിക്കുന്നു (റോമർ 11:8-10). "ദൈവം അവർക്ക് ഇന്നുവരെ ഗാഢനിദ്രയും കാണാത്ത കണ്ണും കേൾക്കാത്ത ചെവിയും കൊടുത്തു." രക്ഷയിലേക്കു നയിക്കുന്ന വെളിച്ചം കാണാതവണ്ണം, ദൈവം അവരുടെ കാഴ്ച തടഞ്ഞു നിർത്തുമോ? ഒരിക്കലുമില്ല. റോമർ 9-ാം അദ്ധ്യായത്തിന്റെ വിവരണങ്ങളിൽ നിന്നാണ് നമുക്കു മേൽ ഉദ്ധരിച്ച വേദഭാഗത്തിന്റെ പൊരുൾ മനസ്സിലാക്കാൻ കഴിയുന്നത്. വ്യക്തിപരമായ രക്ഷയെപ്പറ്റിയല്ല പൗലൊസ് ഇവിടെ വിവരിക്കുന്നത്. ദൈവം ഒരു സമൂഹത്തിന്റെയും രക്ഷ നിരസിക്കുന്നില്ല. ഇവിടെ ചർച്ച ചെയ്യുന്ന വിഷയം സുവിശേഷീകരണത്തിൽ ദൈവത്തോടൊപ്പം അവരുടെ പങ്കാണ്.

**രക്ഷാപദ്ധതിയിൽ ദൈവം ഒരു സമൂഹത്തെ മൊത്തമായി നിരസിച്ചാൽ അതിൽ എന്താണു തെറ്റ്. സുവിശേഷത്തിന്റെ അന്തസത്ത എല്ലാവർക്കും രക്ഷ എന്നതായിരിക്കേ എന്തുകൊണ്ടാണ് ഈ ചിന്താഗതി സുവിശേഷീകരണത്തിന് എതിരാകുന്നത്? യെഹൂദനെ സംബന്ധിച്ചിടത്തോളം ഈ ആശയം സങ്കടകരമായ ഒരു ദുരന്തമായി മാറിയോ?**

**സ്വഭാവിക ശാഖ:**

**വായിക്കുക: റോമർ 11:11–15 ഈ വേദഭാഗത്ത് എത്ര മഹത്തായ പ്രത്യാശ യാണ് പൗലൊസ് അവതരിപ്പിക്കുന്നത്?**

ഈ വേദഭാഗത്ത് സമാനതകളുള്ള രണ്ടു പ്രയോഗങ്ങൾ കാണാൻ കഴിയും. (1) യിസ്രായേല്യരുടെ നിറവ് (സമ്പത്ത്) (റോമർ 11:12) (2) യിസ്രായേല്യരുടെ അംഗീ കാരം (റോമർ 11:15). അവരുടെ വീഴ്ചയും തുടർച്ചയും താല്കാലികം മാത്രമാ ണെന്നും അതിന്റെ പിന്നാലെ നിറവും അംഗീകാരവും ലഭിക്കും എന്നു പൗലൊ സിന്റെ ദർശനത്തിൽനിന്നും മനസ്സിലാക്കുന്നു. ഈ പാഠത്തിൽ ഉന്നയിച്ച രണ്ടാ മത്തെ ചോദ്യത്തിനുള്ള ഉത്തരം "ദൈവം സ്വന്തജനത്തെ തള്ളിക്കളയുമോ" എന്നത് ഒരു താല്കാലിക പ്രതിഭാസമാണ് എന്നാണ് പൗലൊസ് പറയുന്നത്.

**വായിക്കുക: റോമർ 11:16–24 ഇവിടെ എന്താണ് പൗലൊസ് പറയുന്നത്?**

യിസ്രായേല്യരെ പൗലൊസ് താരതമ്യം ചെയ്തിരിക്കുന്നത് പ്രകീർത്തിക്കപ്പെ ടേണ്ട ഒലിവ് വൃക്ഷത്തോടാണ്. അതിന്റെ ചില കൊമ്പുകളെ ഒടിച്ചുകളഞ്ഞു (അവി ശ്വാസികൾ). ദൈവം തന്റെ ജനത്തെ തള്ളിക്കളഞ്ഞിട്ടില്ല (റോമർ 11:2) എന്നു കാണിക്കുന്നതിനുള്ള ഒരു ഉദാഹരണമാണ് ഇത്. വേരും തണ്ടും അവിടെത്തന്നെ യുണ്ട്.

ഈ മരത്തോട് വിശ്വാസികളായ ജാതികളെ ഒട്ടിച്ചു ചേർത്തു. അവർക്ക് ആവശ്യ മായ പോഷകങ്ങളും ഊർജ്ജസ്വലതയും തായ്‌വേരിൽനിന്നും തായ്ത്തടിയിൽ നിന്നും ലഭ്യമാക്കുന്നു. ഈ തായ്‌വേരും തായ്ത്തടിയും യിസ്രായേല്യ വിശ്വാസി കളാണ്.

യേശുക്രിസ്തുവിനെ നിരസിക്കുകയും ഉപേക്ഷിക്കുകയും ചെയ്ത യിസ്രാ യേല്യർക്കു സംഭവിച്ചതു തന്നെ യവനർക്കും സംഭവിക്കും. അവരും അപ്രകാരം പ്രവർത്തിച്ചാൽ അതേ അനുഭവം തന്നെ അവർക്കും ഉണ്ടാകും. ഒരിക്കൽ രക്ഷ യിൽ ആയാൽ പിന്നെ എന്നും രക്ഷയിൽ തന്നെ എന്നു വേദപുസ്തകം പഠിപ്പിക്കു ന്നില്ല. രക്ഷ എന്നത് ദാനം ലഭിക്കുന്നതാണ്. അതുകൊണ്ട് അപ്രകാരം തന്നെ അതു നിരസിക്കാനും അവകാശമുണ്ട്. എപ്പോഴൊക്കെ നമുക്കു വീഴ്ച ഭവിക്കുന്നോ അപ്പോഴൊക്കെ നമ്മൾ രക്ഷയ്ക്കു പുറത്താണ്. നമ്മൾ എല്ലാ അർത്ഥത്തിലും പൂർണ്ണത കൈവരിച്ചെങ്കിൽ മാത്രമേ നമ്മൾ രക്ഷയിൽ ആകുന്നുള്ളു. പാപക്കുഴി നാം ഒഴിവാക്കണം. ഒരിക്കൽ ദൈവകൃപ ലഭിച്ചാൽ നമുക്കൊന്നും ചെയ്യാനില്ല. നമുക്ക് ഒരു തിരഞ്ഞെടുപ്പും ഇല്ല. അങ്ങനെ ചിന്തിക്കുന്നുവെങ്കിൽ നമ്മെ ചുറ്റപ്പെട്ടി രുന്ന കൃപ നമ്മിൽനിന്നും എടുക്കപ്പെടും. തന്മൂലം രക്ഷ നമുക്കു നഷ്ടപ്പെടുകയും ചെയ്യും. അവസാനം ദൈവത്തിന്റെ കൃപയിൽ തുടർന്നു ജീവിക്കുന്നവർ മാത്രം രക്ഷിക്കപ്പെടും (റോമർ 11:12).

തന്റെ നന്മയിലോ പ്രതാപത്തിലോ കൂട്ടുവിശ്വാസികളെക്കാൾ കൂടുതൽ ഔന്നത്യം ഉണ്ടെന്നു കരുതുകയോ സ്വയം കഴിവുകളിലും താലന്തുകളിലും

പുകഴുകയോ ചെയ്യരുത്. രക്ഷ നാം നേടിയതല്ല. അതൊരു ദാനം ആണ്. ക്രൂശിന്റെ മുമ്പിലും ദൈവത്തിന്റെ പരിശുദ്ധിയുടെ നിശ്ചിത നിലവാരത്തിന്റെ മുമ്പിലും എല്ലാവരും സമരാണ്. ദൈവീക കൃപ ആവശ്യമുള്ള ഓരോ പാപിക്കും ദൈവത്തിന്റെ വിശുദ്ധി ആവശ്യമുള്ള ഓരോ പാപിക്കും അതു സാദ്ധ്യമാകുന്നത് ദൈവകൃപ മുഖാന്തരം ആണ്. നമുക്കു സ്വയം പ്രശംസിപ്പാൻ ഒന്നുമില്ല. നമുക്കു പ്രശംസിപ്പാൻ ഉള്ളതു ക്രിസ്തുവേശുവിലാണ്. മനുഷ്യവേഷമെടുത്ത് ഈ ഭൂമിയിൽ വന്ന്, നമുക്കു വേണ്ടി കഷ്ടം സഹിച്ചു നമ്മുടെ പാപത്തിനുവേണ്ടി മരിച്ച്, നമ്മൾ ജീവിക്കേണ്ടതിനു മാതൃകയായിത്തീർന്ന ക്രിസ്തുയേശുവിലാണ് നമുക്കു പ്രശംസിക്കാനുള്ളത്.

**ബുധൻ** **ഡിസംബർ 13**

**വായിക്കുക: റോമർ 11:25-27. പൗലൊസ് ഏതു സംഭവവികാസങ്ങളെപ്പറ്റിയാണ് ഇവിടെ പ്രവചിക്കുന്നത്.**

നൂറ്റാണ്ടുകളായി ക്രിസ്ത്യാനികൾ റോമർ 11:25-27 വരെയുള്ള വേദഭാഗങ്ങൾ അന്യോന്യം ചർച്ച ചെയ്യുകയും, സംവാദങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇന്നും ചർച്ചചെയ്യുന്നുണ്ട്. കുറെ ആശയങ്ങൾ വളരെ വ്യക്തതയുള്ളതാണ്. വിശ്വാസത്തിൽ തുടക്കക്കാർക്ക് ഇവിടെയുള്ള പ്രശ്നം, ക്രിസ്തു യെഹൂദന്റേതാണ് എന്നതാണ്. എന്നാൽ പൗലൊസിന്റെ മറുപടി ഈ അദ്ധ്യായത്തിന്റെ ആദ്യഭാഗത്ത് ഉന്നയിച്ച ചോദ്യത്തിന്റെ ഉത്തരമാണ്. "ദൈവം സ്വജനത്തെ തള്ളിക്കളഞ്ഞോ?" അപ്പൊസ്തലന്റെ ഉത്തരം ഇല്ല എന്നാണ്. തുടർന്നുള്ള വിവരണം ഇങ്ങനെയാണ്. (1) 'അന്ധത' പൊറോസിസ് (Porosis). പൊറോസിസ് എന്ന ഗ്രീക്കുപദത്തിന്റെ ഭാഷാന്തരം ചെയ്ത പദമാണ് അന്ധത അല്ലെങ്കിൽ 'കഠിനതരം' അത് അതിന്റെ ഒരു ഭാഗം മാത്രം. (2) അത് താത്ക്കാലികം മാത്രമാണ്. "ജാതികൾ മുഴുവനായി അകത്തു വരുന്നതു വരെ മാത്രം."

'മുഴുവൻ ജാതികളും' എന്നു പറഞ്ഞാൽ എന്താണ് അർത്ഥമാക്കുന്നത്? അനേകമാളുകൾ ഈ പദസമുച്ചയത്തെ സുവിശേഷീകരണത്തിന്റെ ദൗത്യം എന്നു വച്ചാൽ മുഴുവൻ സമൂഹവും മുഴുവൻ ലോകവും സുവിശേഷം കേൾക്കുന്നതിനെപ്പറ്റിയാണ് ഉദ്ദേശിക്കുന്നത് ജാതികളുടെ നിറവുകൾ എന്നു പറഞ്ഞാൽ ലോകം മുഴുവൻ സുവിശേഷം പ്രസംഗിക്കപ്പെടുന്നതിനെ സൂചിപ്പിക്കുന്നു. യേശുക്രിസ്തുവിൽകൂടി വെളിപ്പെട്ട യിസ്രായേല്യ വിശ്വാസം ലോകമെമ്പാടും ഘോഷിക്കപ്പെടണം. യേശുക്രിസ്തുവിന്റെ പ്രത്യക്ഷത ആസന്നമായിരിക്കുന്ന ഈ സമയത്ത് അനേക യെഹൂദന്മാർ യേശുക്രിസ്തുവിനെ സ്വീകരിക്കുന്നതിനായി വന്നു തുടങ്ങും.

എല്ലാ യിസ്രായേല്യരും രക്ഷിക്കപ്പെടും എന്ന പ്രസ്താവനയാണ് ഇനിയുമുള്ള വിഷമഘട്ടം (റോമർ 11:26). സകല യെഹൂദരും ചില ദൈവീക കല്പന പ്രകാരം അന്ത്യനാളുകളിൽ രക്ഷയിലേക്കു കടന്നുവരും എന്ന് ഈ വാക്യംകൊണ്ടു വ്യാഖ്യാനിക്കേണ്ടതില്ല. അല്ലെങ്കിൽ എവിടെയെങ്കിലുമുള്ള ഒരു പ്രത്യേക വിഭാഗം ജനങ്ങൾ മുഴുവൻ രക്ഷ പ്രാപിക്കുമെന്നു തിരുവചനത്തിൽ എവിടെയും രേഖപ്പെടുത്തിയിട്ടില്ല. കുറച്ചുപേരെങ്കിലും രക്ഷപ്പെടണണെന്നു പൗലൊസ് ആഗ്രഹിക്കുന്നു. എല്ലാ സമൂഹത്തിലുമുള്ളതുപോലെ അതിൽ കുറച്ചുപേർ മശീഹയെ സ്വീകരിച്ചു. കുറച്ചു പേർ മശീഹയെ നിരസിച്ചു.

റോമാലേഖനം 11-ാം അദ്ധ്യായത്തെപ്പറ്റി സംസാരിക്കുമ്പോൾ എലൻ ജി. വൈറ്റ് ഇപ്രകാരം പറയുന്നു. “സുവിശേഷീകരണത്തിന്റെ അവസാനനാളുകളിലേക്കു വരുമ്പോൾ അനേക യെഹൂദന്മാർ യേശുക്രിസ്തുവിനെ അവരുടെ രക്ഷിതാവായി സ്വീകരിക്കും. The Acts of Apostles p 381.

വളരെ ശക്തമായ വേല ഈ ഭൂമിയിൽ നാം ചെയ്യേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ പ്രഖ്യാപനം ഇപ്രകാരമാണ്. ജാതികൾ കൂട്ടിച്ചേർക്കപ്പെടണം. എന്നാൽ ജാതികൾ മാത്രമല്ല. യെഹൂദന്മാരും അക്കൂട്ടത്തിൽ ഉണ്ടാകണം. യെഹൂദന്മാരുടെ ഇടയിൽ അനേകർ മാനസാന്തരപ്പെടും. അവരിൽക്കൂടെ ദൈവത്തിന്റെ രക്ഷ, വിളക്ക് കത്തുന്നതുപോലെ പ്രകാശപൂരിതം ആകും. യെഹൂദന്മാർ എല്ലായിടത്തും ചിതറിപ്പാർക്കുന്നുണ്ട്. അവരിൽക്കൂടെ ഏതൽക്കാല സത്യവെളിച്ചം മറ്റുള്ളവർക്കു വെളിപ്പെടും. അവർ മുഖാന്തരം അനേകായിരങ്ങൾ പ്രകാശത്തിലേക്ക് ആനയിക്കപ്പെടും. അവർ ദൈവത്തിന്റെ ന്യായപ്രമാണത്തിന്റെ സ്ഥിരതയെ നീക്കപ്പെടാനാകാത്ത അവസ്ഥയെക്കുറിച്ച് അത്യത്ഭുത ശക്തിയോടെ ഘോഷിക്കും.

**യെഹൂദന്മാരുടെ ക്രിസ്തീയ വിശ്വാസത്തിന്റെ വേരുകളെക്കുറിച്ച് സമയം എടുത്ത് ആഴമായി ചിന്തിക്കുക. യെഹൂദ മതത്തെക്കുറിച്ചുള്ള ഒരു പ്രത്യേക പഠനം എങ്ങനെ നിങ്ങളുടെ ക്രിസ്തീയ വിശ്വാസത്തെ കൂടുതൽ ഉറപ്പിക്കാൻ സഹായിക്കുന്നു.**

**വ്യാഴം** **ഡിസംബർ 14**

**പാപികൾക്ക് രക്ഷ**

റോമാലേഖനം 11-ാം അദ്ധ്യായം 25 മുതൽ 27 വരെയുള്ള വാക്യങ്ങളിൽ നിന്നും, സ്വന്തജനത്തോടുള്ള പൗലൊസ് അപ്പൊസ്തലന്റെ സ്നേഹം പ്രത്യക്ഷത്തിൽ തെളിവായി മനസ്സിലാക്കാം. സ്വജാതീയർ സുവിശേഷ സത്യങ്ങളോട് മറുതലിച്ചുനിന്നു, പൗലൊസിനോടു യുദ്ധം ചെയ്യുമ്പോൾ അതു പൗലൊസിന് എത്രമാത്രം വേദനാജനകമാണ്. അങ്ങനെയൊക്കെ ആണെങ്കിലും അനേകം ആളുകൾ യേശുക്രിസ്തുവിനെ മശീഹയായി അംഗീകരിക്കുമെന്നു പൗലൊസ് വിശ്വസിച്ചിരുന്നു.

**വായിക്കുക: റോമർ 11:28-36. യെഹൂദന്മാരോട് മാത്രമല്ല മനുഷ്യവർഗ്ഗത്തോടു മുഴുവനും ദൈവത്തിനു സ്നേഹമുണ്ടെന്നുള്ള വസ്തുത എപ്രകാരം പൗലൊസ് മറ്റുള്ളവർക്കു മനസ്സിലാക്കിക്കൊടുത്തു? ദൈവകൃപയുടെ അപ്രമേയശക്തി എപ്രകാരം പൗലൊസ് ഈ വേദഭാഗത്തിൽക്കൂടെ പ്രകടിപ്പിച്ചു?**

റോമർ 11:28-36 വരെയുള്ള തിരുവചനഭാഗത്ത് യെഹൂദനും യവനനും തമ്മിൽ വൈരുദ്ധ്യം നിലനില്ക്കേ ഒരു ആശയം വ്യക്തമായി ഇവിടെ സൂചിപ്പിക്കപ്പെടുന്നു. ദൈവത്തിന്റെ സ്നേഹവും കൃപയും പാപികളുടെമേൽ സമൃദ്ധമായി ചൊരിയപ്പെടുന്നു. മനുഷ്യവർഗ്ഗത്തെ രക്ഷിക്കുക എന്നുള്ളത് ലോകസ്ഥാപനത്തിനു മുമ്പേയുള്ള ദൈവത്തിന്റെ പദ്ധതിയാണ്. ആയതിലേക്ക് മറ്റു മനുഷ്യരെയും, രാഷ്ട്രങ്ങളെയുംമൊക്കെ ദൈവേഷ്ട നിവർത്തിക്കായ് ദൈവം ഉപകരണമാക്കി.

**വളരെ ശ്രദ്ധയോടെ പ്രാർത്ഥനാപൂർവ്വം റോമർ 11:31 വായിക്കുക: ഈ വേദ ഭാഗത്തുനിന്നും എന്തു പ്രധാന നിർദ്ദേശമാണ് നമുക്ക് ഉൾക്കൊള്ളാനുള്ളത്? യെഹൂദനോട് മാത്രമല്ല, നാം കണ്ടുമുട്ടുന്ന എല്ലാവരോടും നമുക്കുള്ള സാക്ഷീ കരണത്തെപ്പറ്റി എന്താണ് നാം മനസ്സിലാക്കേണ്ടത്?**

യഹൂദാജനതയോട്, നൂറ്റാണ്ടുകളായി ക്രിസ്തീയസഭ വളരെ ആർദ്രതയോട് ഇടപ്പെട്ടതുമൂലം അനേക യെഹൂദാമതക്കാർ അവരുടെ മിശിഹായേ കണ്ടെത്താൻ ഇടയായി. യേശുക്രിസ്തുവിന്റെ ക്രൂശാരോഹണ സംഭവത്തിനുശേഷം ആദ്യനൂറ്റാ ണ്ടുകളിൽ ക്രിസ്തീയ സഭകളിൽനിന്നും ധാരാളം ആളുകൾ കൊഴിഞ്ഞു പൊയ് ക്കൊണ്ടിരുന്നു. ആദ്യക്രിസ്ത്യാനികളുടെ ഇടയിലുള്ള വിഗ്രഹാരാധന പോലുള്ള ദുരാചാരങ്ങളും പ്രത്യേകിച്ച് ഏഴാം ദിന ശബ്ബത്ത് ആചരണത്തിൽനിന്നും പിൻമാറി ഞായറാഴ്ച ആരാധനയ്ക്കു മുൻതൂക്കം കൊടുത്തതും ഒക്കെ ജനങ്ങളെ മശീഹയി ലേക്ക് ആകർഷിക്കുന്നതിനു വിഘാതമായിനിന്നു.

എല്ലാ ക്രിസ്ത്യാനികളും ദൈവത്തിൽനിന്നും ലഭിച്ച കൃപയുടെയും കരുണ യുടെയും മഹത്വം ഉൾക്കൊണ്ട് അതു മറ്റുള്ളവർക്കു പകർന്നു നൽകുന്നത് മേന്മ യേറിയ പ്രവൃത്തിയാണ്. അപ്രകാരം നാം പ്രവർത്തിക്കുന്നില്ലായെങ്കിൽ നമുക്കു ക്രിസ്ത്യാനികളായിരിക്കാൻ യോഗ്യതയില്ല. കാണുക: മത്തായി 18:23-36.

**പ്രത്യേകിച്ച്, നിങ്ങൾ കരുണ കാണിക്കേണ്ടവർ അവർ അതർഹിക്കുന്നി ല്ലെങ്കിൽപ്പോലും അങ്ങനെ ആരെങ്കിലും ഉണ്ടോ? അപ്രകാരം ചെയ്യുന്നത് എത്ര കഠിനതരമായാലും എന്തുകൊണ്ട് ആ വ്യക്തിയോടു കരുണ കാണിച്ചുകൂടാ? അതല്ലേ യേശുക്രിസ്തു നമുക്കുവേണ്ടി ചെയ്തത്.**

**വെള്ളി** **ഡിസംബർ 15**

**കൂടുതൽ ചിന്തയ്ക്ക് വായിക്കുക:** Ellen G. White (Copy From Original Script).

ഒരു രാഷ്ട്രമെന്ന നിലക്ക് യിസ്രായേല്യർ പരാജയപ്പെട്ടു. എന്നാൽ രക്ഷപ്പെ ടേണ്ട ഒരു നല്ല ശേഷിപ്പ് അവിടെയുണ്ടായിരുന്നു. യേശുക്രിസ്തുവിന്റെ അവതരണ സമയത്ത് വിശ്വസ്തരായ സ്ത്രീപുരുഷന്മാർ അവിടെയുണ്ടായിരുന്നു. അത്യധികം സന്തോഷത്തോടെ സ്നാപകയോഹന്നാന്റെ ദൂത് ശ്രവിക്കയും യേശുക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ വായിച്ചു പഠിക്കുന്നതിൽ സന്തോഷം കണ്ടെ ത്തുകയും ചെയ്തു. ആദ്യസഭകൾ രൂപം എടുത്തപ്പോൾ ഈ വിശ്വസ്തരായ വിശ്വാ സികൾ നസ്രായനായ ഈ യേശുവിനുവേണ്ടി നോക്കിപ്പാർത്തിരിക്കുന്നവരാണ്. "Ellen G. White, The Acts of the Apostles, pp 376,377.

“യെഹൂദന്മാരിൽ ചിലർ തർസ്സീസ്കാരനായ പൗലൊസിനെപ്പോലെ ദൈവവ ചനത്തിൽ ശക്തരായിരുന്നു. ദൈവവചനം ശക്തമായി ഘോഷിക്കുന്നതിൽ പ്രാവീണ്യം ഉള്ളവർ ആയിരുന്നു. മാറ്റപ്പെടാത്ത ന്യായപ്രമാണം വർദ്ധിച്ച ശക്തി യോടു പ്രഖ്യാപനം ചെയ്യാൻ അവർ സജ്ജരായി. അവഗണിക്കപ്പെട്ടിരുന്നവരും മറ്റുള്ളവരാൽ ശ്രദ്ധിക്കപ്പെടാതിരുന്നവരും മറ്റുള്ളവർ അവജ്ഞയോടെ നോക്കിയിരു ന്നവരുമായ അനേകർക്കു രക്ഷയുടെ ദൂത് പകർന്നുകൊടുത്തത് ഈ ദൈവദാസ ന്മാർ ആയിരുന്നു.” Page 381.

“സുവിശേഷഘോഷണത്തിന്റെ അവസാന നാളുകളിൽ ഇതുവരെയും അവഗണിക്കപ്പെട്ടിരുന്ന ആളുകൾക്ക് പ്രത്യേകതരം പരിപാലനം ആവശ്യമായിരുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിലും ചിതറിപ്പാർക്കുന്ന യെഹൂദർക്കായി ദൈവവേലക്കാർ പ്രത്യേക താല്പര്യം എടുത്തു രക്ഷാദൂത് മനസ്സിലാക്കി കൊടുക്കണം. പഴയനിയമവചനങ്ങൾ പുതിയനിയമവുമായി ഈടാർന്നു ബന്ധപ്പെട്ടിരിക്കുന്നതിനാൽ യഹോവയുടെ നിത്യലക്ഷ്യം, അനേക യെഹൂദന്മാർക്ക് ഒരു പുതുയുഗപ്പിറവിപോലെയും ആത്മാവിന് ഒരു ഉയിർത്തെഴുന്നേല്പുപോലെയും തോന്നിക്കും. പഴയനിയമ വേദപുസ്തകത്താളുകളിൽ യേശുക്രിസ്തുവിനെ ചിത്രീകരിച്ചിരിക്കുന്നതു കാണുമ്പോൾ പുതിയനിയമത്തിൽ വിവരിച്ചിരിക്കുന്ന രീതിയും മനസ്സിലാകും. അവരുടെ ഉറങ്ങിക്കിടന്ന ജന്മസിദ്ധമായ ചിന്താശക്തി ഉണരുകയും, യേശുക്രിസ്തു ലോകരക്ഷിതാവാണെന്നു മനസ്സിലാക്കുകയും ചെയ്യും. അനേകർ ക്രിസ്തുവിനെ അവരുടെ വീണ്ടെടുപ്പുകാരനായി സ്വീകരിക്കും.” Page 381.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ:**

1. അവസാനകാലത്ത്, ദൈവകല്പന പ്രത്യേകിച്ചു ശബ്ബത്ത് ശ്രദ്ധിക്കപ്പെടുന്ന കേന്ദ്രബിന്ദുവായി മാറുന്നു. അനേക യെഹൂദന്മാർ പത്തുകല്പന അടങ്ങുന്ന ന്യായപ്രമാണം സെവന്ത് ഡേ അഡ്വന്റിസ്റ്റുകാരെപ്പോലെ വളരെ ഗൗരവതരമായി കാണുന്നു എന്നത് ആശാവഹമല്ലേ? ലോകമുമ്പാകെ ഇവർക്ക് ഈ വിഷയത്തിലുള്ള സംശയനിവൃത്തി ചെയ്തുകൊടുക്കാനുള്ള ഉത്തരവാദിത്തം നമുക്കില്ലേ?

2. മറ്റു സഭാവിഭാഗങ്ങളെ അപേക്ഷിച്ച്, അഡ്വന്റിസ്റ്റുകാർക്കു യെഹൂദന്മാരുടെ ഇടയിൽ സുവിശേഷീകരണം എളുപ്പമാകുന്നത് എന്തുകൊണ്ട്? നിങ്ങളുടെ പ്രാദേശികസഭയ്ക്ക്, യഹൂദാസമൂഹത്തിന് എന്തു ചെയ്യാൻ കഴിയും?

3. പുരാതന യിസ്രായേല്യരുടെ തെറ്റുകളിൽനിന്നും നാം എന്തു പാഠങ്ങൾ പഠിക്കുന്നു? ഇതേ തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ നാം എന്തു ചെയ്യണം?

കൂടുതൽ ചിന്തയ്ക്ക് വായിക്കുക: Ellen G. White "Before the sanhedrin" pp 77-79; "From Persecutor to Disciple", pp 112-114; "Written From Rome", pp 474,475, in Acts of the Apostoles; "Reaching Cathoties", pp 573-577, in Evangelism; What to preach and Not to preach",pp 155,156, in Selected Messages, book 1.